കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

1999 ജൂലൈ 1, വ്യാഴം

വാല്യം 108] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

നിയമസഭ 1999 ജൂലൈ മാസം 1-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം.വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ.....ചോദ്യം നമ്പർ 231.

1 (*231) മത്സ്യ വിപണന ബൂത്തുകൾ ആരംഭിക്കാൻ നടപടി

ശ്രീ. ടി.കെ. ബാലൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് മത്സ്യ വിപണന ബൂത്തുകൾ പ്രവർത്തിച്ചു വരുന്നതെന്നു വെളിപ്പെടുത്തുമോ;

(ബി) മത്സ്യ വിപണന ബൂത്തുകൾ ആരംഭിക്കാൻ എന്തെങ്കിലും സഹായങ്ങൾ മത്സ്യ വിപണന സംരംഭകർക്ക് സർക്കാർ നൽകിവരുന്നുണ്ടോ; എങ്കിൽ എന്തൊക്കെ സഹായങ്ങൾ എന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് മത്സ്യോൽപ്പാദകർക്ക് ന്യായവില ലഭ്യമാക്കാനും മത്സ്യ ഉപഭോക്താക്കൾക്ക് ഗുണമേന്മയേറിയ മത്സ്യം ലഭ്യമാക്കാനും, മത്സ്യബൂത്തുകളുടെ പ്രവർത്തനംകൊണ്ട് കഴിഞ്ഞിട്ടുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) വിപണന ബൂത്തുകൾ ആരംഭിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സംസ്ഥാനത്ത് മത്സ്യ വിപണന ബൂത്തുകൾ വ്യാപിപ്പിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(എഫ്) എങ്കിൽ എവിടെയൊക്കെയാണ് മത്സ്യ വിപണന ബൂത്തുകൾ പുതുതായി ആരംഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ,

(എ) എൻ.സി.ഡി.സി.യുടെ ധനസഹായത്തോടെ കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലും സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ തിരുവനന്തപുരം, കോട്ടയം എന്നീ ജില്ലകളിലും മത്സ്യ വിപണന ബൂത്തുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) മത്സ്യ വിപണന ബൂത്തുകൾ സ്ഥാപിക്കുന്നതിനായി മത്സ്യ വിപണന സംരംഭകർക്ക് വിവിധ പദ്ധതികൾ പ്രകാരം ധനസഹായം നൽകിവരുന്നുണ്ട്. എൻ.സി.ഡി.സി.യുടെ ധനസഹായത്തോടെ 1998-99 സാമ്പത്തിക വർഷം അനുവദിച്ച 80 മത്സ്യവിപണന ബൂത്തുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി മത്സ്യവിപണന സംരംഭക ഗ്രൂപ്പിന് ബൂത്തൊന്നിന് 1.35 ലക്ഷം രൂപ ധനസഹായമായി നൽകിവരുന്നു. എൻ.സി.ഡി.സി.യുടെയും കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെയും ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിപ്രകാരം മത്സ്യ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിലേക്കായി മത്സ്യ വിപണന സംരംഭക ഗ്രൂപ്പിന് കേന്ദ്രം ഒന്നിന് 3.12 ലക്ഷം രൂപ നൽകിവരുന്നു. കൂടാതെ, പ്രധാനപ്പെട്ട മത്സ്യ ഉപഭോക്തൃ കേന്ദ്രങ്ങളിൽ മിൽമ ബൂത്തുകളുടെ മാതൃകയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന മത്സ്യ വിപണന ബൂത്തുകൾക്ക്, ബൂത്തൊന്നിന് 50,000/- രൂപ കണക്കിൽ തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതുമാണ്.

(സി) ഒരളവുവരെ കഴിഞ്ഞിട്ടുണ്ട്. മത്സ്യ വിപണന ബൂത്തുകളുടെ പ്രവർത്തനം പൂർണ്ണതോതിൽ നിലവിൽ വരുന്നതോടെ ഇക്കാര്യത്തിൽ കാര്യമായ പുരോഗതിയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) മത്സ്യ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി പ്രധാനപ്പെട്ട മത്സ്യ ഉപഭോക്തൃ കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനും മത്സ്യ വിപണന ബൂത്തുകൾ നടത്തുന്നതിന് അർഹരായ ആളുകളെ കണ്ടെത്തുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾ സഹായിക്കുന്നു. കൂടാതെ, ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഇക്കാര്യത്തിൽ ധനസഹായം നൽകുവാൻ ചില തദ്ദേശഭരണ സ്ഥാപനങ്ങൾ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെടുന്ന കേന്ദ്രങ്ങളിലാണ് പുതുതായി മത്സ്യ വിപണന ബൂത്തുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. ടി.കെ. ബാലൻ : സർ, എൻ.സി.ഡി.സി.യുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിൽ ഫിഷ് ബൂത്ത് സ്ഥാപിക്കും എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. എൻ.സി.ഡി.സി.യുടെ സഹായത്തോടെ എത്ര ബൂത്തുകൾ സ്ഥാപിക്കും; അതുപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ എത്ര ബൂത്ത് സ്ഥാപിക്കും എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, 180 ബൂത്തുകളാണ് എൻ.സി.ഡി.സി.യുടെ സഹായത്തോടെ മത്സ്യഫെഡുവഴി സ്ഥാപിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള 170 ബൂത്തുകളും ആരംഭിക്കും. ഇതുകൂടാതെ, തിരുവനന്തപുരം സിറ്റിയിൽ 12 ഫിഷ്ബൂത്തുകൾ തുടങ്ങാൻ മത്സ്യഫെഡിന് നേരത്തെ സഹായം അനുവദിച്ചിരുന്നു. ഇതിൽ 10 എണ്ണം ആരംഭിച്ചിട്ടുണ്ട്.

ശ്രീ. ടി.കെ. ബാലൻ : സർ, എൻ.സി.ഡി.സി. എത്ര രൂപ കണ്ട് സഹായം നൽകും, അതുപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ ബൂത്തിന് എത്ര രൂപ സഹായധനം നൽകും എന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ഫിഷ് ബൂത്ത് തുടങ്ങാൻ 50,000 രൂപ ഗ്രാന്റ് അനുവദിക്കും. ഇപ്രകാരം 170 ബൂത്തുകളാണ് ആരംഭിക്കുന്നത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, മത്സ്യഫെഡുവഴി വിപണന ബൂത്തുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു എന്ന് അങ്ങ് പറഞ്ഞു. എത്ര വിപണന ബൂത്തുകളാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത്; എവിടെയെല്ലാമാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : മത്സ്യഫെഡുവഴി 22 ഫിഷ് ബൂത്തുകൾ ആരംഭിച്ചുകഴിഞ്ഞു. മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ ഫിഷ് ബൂത്തുകൾക്ക് അംഗീകാരം നൽകി കഴിഞ്ഞിട്ടുണ്ട്. അതിൽ 22 എണ്ണം ആരംഭിച്ചു. തിരുവനന്തപുരത്തിന് 8 എണ്ണം അനുവദിച്ചു. കൊല്ലത്തിന് 9 എണ്ണം അനുവദിച്ചു, ഒന്ന് തുടങ്ങി. ആലപ്പുഴ 9 എണ്ണം അനുവദിച്ചു, 4 എണ്ണം തുടങ്ങി. എറണാകുളത്ത് 9 എണ്ണം അനുവദിച്ചു, രണ്ട് എണ്ണം തുടങ്ങി. തൃശ്ശൂർ 1 അനുവദിച്ചു, തുടങ്ങിയിട്ടില്ല. കോഴിക്കോട് 3 എണ്ണം അനുവദിച്ചു, ഒന്ന് തുടങ്ങി. കണ്ണൂർ 5 എണ്ണം അനുവദിച്ചു, അഞ്ചും തുടങ്ങി. കാസർഗോഡ് 11 എണ്ണം അനുവദിച്ചു, 9 എണ്ണം തുടങ്ങി. ആകെ 55 എണ്ണം ആണ് അനുവദിച്ചത്. അതിൽ 22 എണ്ണം തുടങ്ങി.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ബൂത്തുകൾക്ക് അരലക്ഷം രൂപയുടെ സഹായധനം നൽകുമെന്നാണ് അങ്ങ് മറുപടിയിൽ പറഞ്ഞതായിട്ട് ഞാൻ മനസ്സിലാക്കുന്നത്. ഈ അര ലക്ഷം രൂപ എന്നുപറയുന്നത് തീരെ അപര്യാപ്തമായിട്ടുള്ള ഒരു സംഖ്യയാണ്. അര ലക്ഷം രൂപ മത്സ്യഫെഡുവഴി നൽകുമ്പോൾത്തന്നെ നമ്മുടെ സംസ്ഥാനത്തെ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കി ബൂത്ത് ഫലപ്രദമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? ഈ കൂട്ടരിൽ മഹാഭൂരിപക്ഷവും പാവപ്പെട്ടവരും തൊഴിൽരഹിതരുമാണ്.

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, വലിയ ഫിഷ് ബൂത്തുകൾക്ക് ഇതുകൂടാതെ സഹായം കൊടുക്കുന്നുണ്ട്. കെട്ടിടം, ഉപകരണങ്ങൾ എന്നിവയ്ക്ക് ഒരു ലക്ഷത്തി നാൽപ്പത്തിമൂവായിരം രൂപയും 4 മോപ്പെഡ് സ്ക്കൂട്ടറിന് 84,000 രൂപയും 10 ഇൻസുലേറ്റഡ് ബോക്സിന് 40,000 രൂപയും മാർജിൻ മണിയായി 72,000 രൂപയും. അങ്ങനെ മൂന്നു ലക്ഷത്തി മുപ്പത്തി ഒമ്പതിനായിരം രൂപ മത്സ്യഫെഡ്വഴി ആരംഭിക്കുന്ന വലിയ ഫിഷ് ബൂത്തുകൾക്ക് നൽകുന്നുണ്ട്.

ശ്രീ. ജി. സുധാകരൻ : സർ, ഒരു ഫിഷ് ബൂത്തിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എന്നും അതിനുവേണ്ടി എന്ത്

LIBRARY ARCHIVES Kerala Legislative Assembly

തുക ചെലവുവരും എന്നും ആ ചെലവ് ലോണായും സബ്സിഡിയായും അതിന്റെ കമ്പോണന്റ് എത്രയാണെന്നും വ്യക്തമാക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, ഒരു ഫ്രീസർ, മോപ്പെഡ് മോട്ടോർ സൈക്കിളിൽ മത്സ്യം കയറ്റി വിൽപ്പനയ്ക്ക് കൊണ്ടുപോകുന്നതിന് ഇൻസുലേറ്റഡ് ബോക്സ് ഉൾപ്പെടെ ഒരു ലക്ഷത്തി മുപ്പത്തഞ്ചായിരം രൂപ സഹായത്തിൽ 50 ശതമാനം സൗജന്യമായിട്ട് ആയിരിക്കും.

ശ്രീ. ജി. സുധാകരൻ : സർ, ഫിഷ് ബൂത്തുകൾ അനുവദിക്കുമ്പോൾ ഹരിജൻ സംഘങ്ങൾക്കോ, ഹരിജൻ വിഭാഗത്തിനോ, പ്രത്യേക പരിഗണന ഉണ്ടോ, ഉണ്ടെങ്കിൽ അവർക്ക് പ്രത്യേക സാമ്പത്തിക സഹായം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, പ്രത്യേക പരിഗണന ഒരു വിഭാഗത്തിനും അനുവദിച്ചിട്ടില്ല.

ശ്രീമതി എൻ.കെ. രാധ : സർ, ഫിഷ് ബൂത്തുകൾ അനുവദിക്കുന്നതിനും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; ആരാണ് അവരെ തെരഞ്ഞെടുക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ, സംഘങ്ങളിലെ അംഗങ്ങൾ ഇവരൊക്കെയാണ് ഗുണഭോക്താക്കൾ. രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾ, ഹരിജൻ, ഗിരിജൻ വിഭാഗത്തിൽപ്പെട്ടവർ, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർ, മറ്റുള്ള ആളുകൾ ഈ മുൻഗണനാക്രമം അനുസരിച്ചാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. മത്സ്യഫെഡുവഴി സഹായം ലഭിക്കേണ്ടവരെ മത്സ്യഫെഡും പഞ്ചായത്തു വഴി സഹായം ലഭിക്കേണ്ടവരെ പഞ്ചായത്തും തെരഞ്ഞെടുക്കും.

ശ്രീമതി എൻ.കെ. രാധ : സർ, തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താവിന് ഫിഷ്ബൂത്ത് നടത്താനുള്ള മത്സ്യം എവിടെനിന്നാണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : മത്സ്യഫെഡ് വഴിയുള്ള ഫിഷ് ബൂത്തുകൾക്ക് ആവശ്യമുള്ള മത്സ്യം എത്തിച്ചുകൊടുക്കുന്നത് സഹകരണസംഘങ്ങളാണ്. മത്സ്യഫെഡിന്റെ ഫിഷ്ബൂത്തുകളിലേക്ക് മൽസ്യം എത്തിച്ചുകൊടുക്കുന്നതിന് സഹകരണസംഘങ്ങളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.....

മി. സ്പീക്കർ : മൽസ്യം കിട്ടുന്നത് കടലിലും പുഴയിലും കായലുകളിൽ നിന്നുമൊക്കെയാണെന്ന കാര്യം മെമ്പർക്ക് അറിയില്ലേ? മത്സ്യം പിന്നെ എവിടെ നിന്നാണ് ലഭിക്കുന്നത്?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : അല്ല, ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നത് ഇന്റർവെൻഷന്റ കാര്യം എന്താണെന്ന് മനസ്സിലായില്ല.

മി. സ്പീക്കർ : അല്ല, ഇവിടെ മത്സ്യം കിട്ടുന്നതെവിടെനിന്നാണെന്ന് ചോദിച്ചതിന് ഞാൻ പറഞ്ഞതാണ്.

ശ്രീ. ടി.കെ. രാമകൃഷ്ണൻ : മത്സ്യഫെഡ് വഴിയുള്ള ഫിഷ് ബൂത്തുകൾക്ക് മത്സ്യം കിട്ടുന്നത് എവിടെനിന്നാണെന്ന കാര്യത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞുകൊണ്ടിരുന്നത്. മത്സ്യഫെഡ് വഴിയുള്ള ഫിഷ് ബൂത്തുകൾക്ക് ആവശ്യമായ മത്സ്യം എത്തിച്ചുകൊടുക്കുന്നതിന് സഹകരണസംഘങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മത്സ്യം ഫിഷ് ബൂത്തുകളിൽ എത്തിക്കാനും വിപണനം നടത്താനും എല്ലാ ജില്ലകളിലും ഒരു ട്രക്കും ഇൻസുലേറ്റഡ് ബോക്സുകളും

LIBRARY ARCHIVES Kerala Legislative Assembly

അവയുടെ മേൽനോട്ടത്തിന് മാർക്കറ്റിംഗ് ഓഫീസറുമുണ്ട്. ആ മാർക്കറ്റിംഗ് സജ്ജീകരിക്കുകയും ഓഫീസറുടെ നേതൃത്വത്തിൽ നടത്താനും മത്സ്യഫെഡ് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്നിപ്പോൾ കൊച്ചിയിൽ തുടങ്ങാൻപോകുന്നതും പ്രവർത്തനരഹിതമായിരുന്നതുമായ ഒരു പ്രൈവറ്റ് സ്ഥാപനമുണ്ടായിരുന്നത് ഇന്ന് വീണ്ടും പ്രവർത്തിച്ചുതുടങ്ങാൻ പോകുകയാണ്. ആ സ്ഥാപനത്തിൽ നിന്ന് അവിടെ വണ്ടികളിൽ മത്സ്യം എത്തിച്ചുകൊടുക്കാനുള്ള ഏർപ്പാട് ഉണ്ടാക്കിയിട്ടുണ്ട്.

<u>ശ്രീ. എം. ദാസൻ</u> : സർ, മത്സ്യവിപണന ബൂത്തുകൾ ആരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ധനസഹായം നൽകുമെന്ന് മന്ത്രി ഇവിടെ ഉത്തരത്തിൽ വ്യക്തമാക്കുകയുണ്ടായി. എന്തെല്ലാം സഹായങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് നൽകാനുദ്ദേശിക്കുന്നത്; തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് മത്സ്യവിപണന ബൂത്തുകൾ നടത്തുന്നതിനുവേണ്ടി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് ഒന്ന് വെളിപ്പെടുത്തുമോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : ഗുണഭോക്താക്കളെ നിശ്ചയിക്കുന്നത് പഞ്ചായത്തുകൾ തന്നെയാണ്. അവർ തെരഞ്ഞെടുക്കപ്പെടുന്ന ആളിന് മത്സ്യ ബൂത്ത് നടത്തുന്നതിന് 50,000 ഉറുപ്പിക ഫിഷറീസ് വകുപ്പ് ഗ്രാന്റ് അനുവദിക്കും. ആകെ 2.5 ലക്ഷം രൂപകൊണ്ട് ഫിഷ് ബൂത്ത് നിർമ്മിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

<u>ശ്രീ. എം. ദാസൻ</u> : നമ്മുടെ സംസ്ഥാനത്ത് മത്സ്യവിപണനം ശക്തിപ്പെടുത്തുന്നതിനുവേണ്ട നടപടിയെന്നനിലയിൽ മത്സ്യക്കറി നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ കേരളത്തിൽ എവിടെയെങ്കിലും ആരംഭിക്കുവാനായി ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; വളരെയേറെ വിപണനസാദ്ധ്യതയുള്ളതായ ഒരു കാര്യമെന്ന നിലയിൽ അത്തരം യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഗവൺമെന്റ് തീരുമാനമെന്തെങ്കിലും എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>മി. സ്പീക്കർ</u> : മത്സ്യക്കറി മിക്കവാറും എല്ലാ വീടുകളിലും ഉണ്ടല്ലോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : മത്സ്യക്കറി യൂണിറ്റുകൾ ആരംഭിക്കുന്നകാര്യത്തിൽ ഗവൺമെന്റ് തീരുമാനമൊന്നും എടുത്തിട്ടില്ല.

<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> : മത്സ്യവിപണന ബൂത്തുകൾ ആരംഭിച്ചതിനുശേഷം കടലിൽപോയി മത്സ്യം പിടിച്ചുകൊണ്ടുവരുന്നവന് ന്യായമായ വില ലഭിക്കുന്നുണ്ടോയെന്നതിനെക്കുറിച്ച് മത്സ്യബന്ധന വകുപ്പ് എന്തെങ്കിലും അന്വേഷണമോ മറ്റോ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ഒന്ന് വെളിപ്പെടുത്തുമോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : കടലിൽപോയി മൽസ്യം പിടിച്ചുകൊണ്ടുവന്നിരുന്നത് മുമ്പ് സ്വകാര്യവ്യക്തികളും കുത്തകക്കാരുമായിരുന്നു ലേലം ചെയ്തിരുന്നത്. എന്നാൽ കടലിൽനിന്നും പിടിച്ചുകൊണ്ടുവരുന്ന മൽസ്യം ലേലം ചെയ്യാനുള്ള അവകാശം ഇപ്പോൾ മൽസ്യസഹകരണസംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇന്നലെത്തന്നെ ഞാൻ പറഞ്ഞു 181 സഹകരണസംഘങ്ങൾ ലേലത്തിൽ പങ്കെടുക്കുന്നുണ്ട്. മത്സ്യത്തിന്റെ വില അവിടെവച്ച് തന്നെ നിശ്ചയിച്ച് ആ വില മത്സ്യം പിടിച്ചുകൊണ്ടുവരുന്നവർക്ക് അവിടെവച്ച് തന്നെ നൽകും. പിന്നീട് ആ മത്സ്യം വിറ്റ് കഴിഞ്ഞ് ആ വിറ്റുവരവിന്റെ 2% ആ തൊഴിലാളിക്ക് തന്നെ നൽകും. അങ്ങനെയൊരു സിസ്റ്റം ഏർപ്പെടുത്തിയതിനുശേഷം ഈ രംഗത്ത് ഒട്ടേറെ പുരോഗതിയുണ്ടായിട്ടുണ്ട്. മുമ്പ് ഈ സിസ്റ്റത്തെ

LIBRARY ARCHIVES Kerala Legislative Assembly

എതിർത്തിരുന്നവർതന്നെ അവരുടെ എതിർപ്പ് അവസാനിപ്പിച്ചുകൊണ്ട് ഈ സിസ്റ്റവുമായിട്ട് ഇപ്പോൾ സഹകരിച്ചുവരുന്നുണ്ട്.

ശ്രീ. പി. രാജു : നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ 55 മത്സ്യവിപണന ബൂത്തുകൾ ആരംഭിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്നാൽ നമ്മുടെ പട്ടണപ്രദേശങ്ങളിൽ മത്സ്യവിപണനം നടത്തുന്നതിനും അതിനെ പ്രോൽസാഹിപ്പിക്കുന്നതിനുമായി എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; പട്ടണപ്രദേശങ്ങളിൽ മത്സ്യവിപണന ബൂത്തുകൾ ആരംഭിക്കുന്നതിന് പ്രായോഗികമായി പല ബുദ്ധിമുട്ടുകളും അനുഭവപ്പെടുന്നുണ്ട്. അതുകൊണ്ട് ഇങ്ങനെയുള്ള പ്രത്യേക സാഹചര്യത്തിൽ മത്സ്യവിപണന ബൂത്തുകൾക്ക് പകരം സഞ്ചരിക്കുന്ന മത്സ്യവിപണന ബൂത്തുകൾ സംസ്ഥാനത്തെ പട്ടണപ്രദേശങ്ങളിൽ ആരംഭിക്കുന്നതിന് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ; അക്കാര്യം പ്രായോഗികമാക്കാൻ സാധിക്കുമോ; അക്കാര്യത്തെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : അത് പരിഗണിക്കാവുന്ന ഒരു നിർദ്ദേശമാണ്. പക്ഷേ അതേപ്പറ്റി ഇതുവരെ ആലോചിച്ചിട്ടില്ല. ഇനി അതേക്കുറിച്ച് ആലോചിക്കാം.

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, ആരംഭിച്ച മത്സ്യബൂത്തുകളിൽ പലതിലും പ്രത്യേകിച്ച് ഓണുകളിലും സിറ്റികളിലും സ്ഥാപിച്ചിട്ടുള്ള മൽസ്യ ബൂത്തുകളിൽ വിൽക്കുന്ന മൽസ്യത്തിന് 50 ശതമാനവും 75 ശതമാനവും ഇരട്ടിയുമൊക്കെ വില വാങ്ങുന്നതായി പലയിടങ്ങളിൽനിന്നും പരാതി വന്നിട്ടുണ്ട്. ആ പരാതിയെ സംബന്ധിച്ച് പരിശോധിച്ച് ന്യായമായ വിലയ്ക്ക് മത്സ്യം ലഭ്യമാക്കുന്നതിനുവേണ്ട നടപടികളെടുക്കാൻ കഴിയുമോ; ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് പറയുന്ന സിസ്റ്റം അനുസരിച്ച് ന്യായമായ വിലയ്ക്ക് സാധാരണക്കാർക്ക് മത്സ്യം ലഭിക്കുന്നതിനുവേണ്ട നടപടികളെടുക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : മൽസ്യബൂത്തുകളിൽ മത്സ്യം വിൽക്കേണ്ടത് ഇത്രരൂപയ്ക്കാണ്, അല്ലെങ്കിൽ ഇന്ന റേറ്റിലാണെന്ന് കൃത്യമായി നിശ്ചയിച്ചിട്ടില്ല. ഇവിടെ പറഞ്ഞത് കൂടുതൽ വില ഫിഷ്ബൂത്തുകളിൽനിന്ന് വാങ്ങുന്ന മത്സ്യങ്ങൾക്ക് ഈടാക്കുന്നു എന്നാണ്. എന്നാൽ മത്സ്യത്തിന് ഫിഷ് ബൂത്തുകളിൽ കൂടുതൽ വില നൽകേണ്ടിവരുന്നത് മാർക്കറ്റിൽ മത്സ്യം വരുന്നതിന്റെ തോത് അനുസരിച്ചാണ്. മാർക്കറ്റിൽ മത്സ്യത്തിന്റെ വരവ് കൂടുന്നതും കുറയുന്നതും അനുസരിച്ച് വിലയുടെ കാര്യത്തിലും വ്യതിയാനങ്ങളുണ്ടാകും. ഇവിടെ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത് ഏത് സമയത്ത് മത്സ്യത്തിന്റെ ആവശ്യമുണ്ടായാലും ഉപഭോക്താവിന് അത് ലഭ്യമാക്കുക എന്ന നയമാണ്. ഉദാഹരണത്തിന് രാത്രി നമ്മുടെ വീട്ടിൽ ഒരു വിരുന്നുകാരൻ വന്നാൽ അയാൾക്ക് മത്സ്യം വേണമെങ്കിൽ ആ രാത്രി സമയത്ത് ചെന്നാലും മത്സ്യം കിട്ടുന്നതിനുള്ള സാഹചര്യമൊരുക്കിയിട്ടുണ്ട്. എപ്പോൾ ഫിഷ്ബൂത്തിൽ ചെന്നാലും അവിടെ മൽസ്യം വിൽക്കുന്നതിനുള്ള ആളുമുണ്ടാകും, അതുപോലെ മൽസ്യവും ലഭ്യമാകും. അതാണ് ഇപ്പോൾ പ്രധാനമായും ഉദ്ദേശിച്ചിട്ടുള്ളത്. ഏത് സമയത്ത് ചെന്നാലും മത്സ്യം കിട്ടാനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എ. കണ്ണാരൻ : സർ, കടലോരപ്രദേശങ്ങളിൽ മത്സ്യം ഇഷ്ടംപോലെ കിട്ടും. പക്ഷേ മലമ്പ്രദേശങ്ങളിലും അതുപോലെതന്നെ പട്ടണപ്രദേശങ്ങളിലും മത്സ്യം കിട്ടാൻ ബുദ്ധിമുട്ടുണ്ട്; അതുകൊണ്ട് മത്സ്യം കിട്ടാൻ

LIBRARY ARCHIVES Kerala Legislative Assembly

പ്രയാസമുള്ള സ്ഥലങ്ങളിൽ കോഴിവളർത്തൽ സങ്കേതങ്ങൾ ഉള്ളതുപോലെ നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വലിയ പുഴകളിലും തോടുകളിലും തടാകങ്ങളിലുമൊക്കെ മത്സ്യം വളർത്തി അവയെ മത്സ്യസംഭരണ കേന്ദ്രങ്ങളാക്കി മാറ്റി, അവിടെ മത്സ്യം ആവശ്യമുള്ളവർ, ഏതുസമയത്ത് ചെന്നാലും വലവീശി ആവശ്യക്കാർക്ക് മത്സ്യം ഉടനേതന്നെ പിടിച്ചുനൽകുന്നതിനുള്ള വിധത്തിൽ ഒരു മത്സ്യവിതരണ സംവിധാനം ഏർപ്പെടുത്താനും അതിനുവേണ്ട നടപടികളാവിഷ്കരിച്ച് നടപ്പിലാക്കാനും ഗവൺമെന്റ് ശ്രദ്ധിക്കുമോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : ഇപ്പോൾ നമ്മുടെ വൈപ്പിൻകരയിലും അതുപോലെ ഞാറയ്ക്കലിൽ ബഹുമാനപ്പെട്ട മെമ്പറുടെ സ്ഥലത്തുനിന്നും ഏത് സമയത്ത്ചെന്നാലും അവിടെ മൽസ്യം വേണമെന്ന് പറഞ്ഞാൽ ഉടനെതന്നെ അവയെ പിടിച്ച് കൊടുക്കുനതിനുള്ള സംവിധാനമുണ്ട്. ആ സൗകര്യം പ്രയോജനപ്പെടുത്തുന്ന ധാരാളം ആളുകളുമുണ്ട്. ഇപ്പോൾ പറഞ്ഞ പ്രകാരം ഓരോ പ്രദേശങ്ങളിലും അത് പ്രാവർത്തികമാക്കാൻ സാധിക്കുമോ ഇല്ലയോ എന്നകാര്യം ഗവൺമെന്റ് ആലോചിച്ചിട്ടില്ല. അതിനെപ്പറ്റി ആലോചിക്കാം.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : സർ, ഇവിടെ ശ്രീ. ദാസൻ ചോദിച്ച ചോദ്യത്തിന് അങ്ങ് മത്സ്യക്കറി നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെന്ന് പറഞ്ഞു. പക്ഷേ അതേക്കുറിച്ച് അങ്ങേയ്ക്ക് പരീക്ഷിക്കാവുന്ന ഒരുകാര്യമുണ്ട്. നമ്മുടെ ഫോർട്ട് കൊച്ചിയിലെ കമാലക്കടവിൽ നമ്മൾ മൽസ്യം വേണമെന്ന് പറഞ്ഞുചെന്നാൽ മൽസ്യംപിടിച്ച് അപ്പോൾത്തന്നെ പാകപ്പെടുത്തി കൊടുക്കുന്ന ഒരു യൂണിറ്റ് ഉണ്ട്. അതുപോലുള്ള യൂണിറ്റുകൾ നമ്മുടെ നഗരപ്രദേശങ്ങളിലും സ്ഥാപിക്കുന്നതിനുവേണ്ട ധനസഹായം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : മത്സ്യം പാകപ്പെടുത്തി ആവശ്യക്കാർക്ക് കൊടുക്കാനായിട്ടുള്ള ഒരാലോചനയുണ്ട്. പക്ഷേ ആ പദ്ധതി തുടങ്ങിയിട്ടില്ല. ഇപ്പോൾ നമ്മുടെ ഒസെക്രട്ടേറിയറ്റിന്റെ വടക്കേനടയ്ക്കൽ ഏതുസമയത്ത് ചെന്നാലും മൽസ്യം കിട്ടത്തക്കവിധത്തിൽ അതിനുള്ള സംവിധാനമുണ്ടാക്കിയിട്ടുണ്ട്. അവിടെ ഇനി മൽസ്യം പാകപ്പെടുത്തി വയ്ക്കണമെന്ന ആലോചനയുണ്ട്. ക്രമേണ അത് മറ്റുസ്ഥലങ്ങളിലേക്ക്കൂടി വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിച്ച് നടപടി സ്വീകരിക്കാം.

<u>മി. സ്പീക്കർ</u> : യേസ്, ചോദ്യം 232, ശ്രീമതി കെ.കെ. ശൈലജ ടീച്ചർ, ബഹുമാനപ്പെട്ട ജനസേചന വകുപ്പുമന്ത്രി.

2 (*232) ഗ്രാമീണ ജലസേചന പദ്ധതി

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> :

<u>ശ്രീ. പി. വിശ്വൻ</u> :

<u>ശ്രീ. എം. നാരായണൻ (കുഴൽമന്ദം)</u> :

<u>ശ്രീ. സി.കെ. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ഏതെല്ലാം പ്രദേശങ്ങളിൽ ഗ്രാമീണ ജലസേചന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടു

LIBRARY ARCHIVES Kerala Legislative Assembly